LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലായി 15 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 4 എണ്ണം വികലാംഗ വൃദ്ധസദനങ്ങളാണ്. സന്നദ്ധ സംഘടനകൾ നടത്തുന്ന 532 വൃദ്ധസദനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 20680 അന്തേവാസികളുണ്ട്. ഓരോ സ്ഥാപനങ്ങളിലുമുള്ള അന്തേവാസികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) സർക്കാർ ധനസഹായം ലഭിയ്ക്കുന്ന സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ ഒരു അന്തേവാസിക്ക് 800 രൂപ ഗ്രാന്റിന് അർഹതയുണ്ട്. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട ഒരു അന്തേവാസിക്ക് പ്രതിമാസം ഒരു രൂപ നിരക്കിൽ 5 കിലോഗ്രാം അരി നൽകുന്നു. കൂടാതെ 3 കിലോഗ്രാം ഗോതമ്പും 400 ഗ്രാം പഞ്ചസാരയും ബി.പി.എൽ. നിരക്കിൽ നൽകുന്നു. സമീപ പ്രദേശത്തുള്ള സർക്കാർ ആശുപത്രിയിൽ നിന്ന് വൈദ്യസഹായം നൽകുന്നുണ്ട്. സ്ഥാപനങ്ങൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതിയും കുടിവെള്ളവും നൽകുന്നു.

(സി) സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡാണ് അംഗീകാരം നൽകുന്നത്. ഗ്രാന്റ് സ്വീകരിയ്ക്കുന്ന സ്ഥാപനങ്ങൾ ലോക്കൽ ഫണ്ട് ആഡിറ്റിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ആഡിറ്റിന് വധേയമാണ്.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന ഡോ. ജയരാജന്റെ റിപ്പോർട്ട്

326 (3613) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദീൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവരെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന ഡോ. ജയരാജൻ, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ അദ്ദേഹത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പഠനം, പുനരധിവാസം എന്നീ കാര്യങ്ങളിൽ സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ കേരള സമൂഹത്തിൽ നിർണ്ണായക രീതിയിൽ പിന്നോക്കാവസ്ഥയും വിവേചനവും നേരിടുന്നവരാണ്. പ്രത്യേകിച്ചും പ്രതിരോധം, നേരത്തെ കണ്ടെത്തൽ, നേരത്തെയുള്ള ഇടപെടൽ, വിദ്യാഭ്യാസം, മാനവവിഭവശേഷി വികസനം, തൊഴിൽ പരിശീലനം, തൊഴിൽ, സാമൂഹ്യസുരക്ഷ എന്നീ മേഖലകളിൽ വിവേചനം നേരിടുന്നുകൊണ്ടുതന്നെ, സാമൂഹ്യമായി ഒറ്റപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നുവെന്നാണ് കമ്മീഷന്റെ കണ്ടെത്തൽ. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനായി എം. കെ. ജയരാജ് കമ്മീഷൻ റിപ്പോർട്ടിൽ വിവിധ വകുപ്പുകൾ നടപ്പിലാക്കേണ്ട 168 ശിപാർശകൾ റിപ്പോർട്ടിനൊപ്പം സമർപ്പിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

(സി) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതിയുടെ കരട് സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് & ട്രെയിനിംഗ് പുറത്തിറക്കി. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി കേരളത്തിൽ പ്രവർത്തിക്കുന്ന 350 സ്പെഷ്യൽ സ്കൂളുകളിൽ 100 കുട്ടികൾ വരെ പഠിക്കുന്ന എല്ലാ സ്പെഷ്യൽ സ്കൂളുകൾക്കും എയ്ഡഡ് പദവി നൽകുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊണ്ടുവരുന്നു. " സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്" എന്ന സ്ഥാപനത്തെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങി. രക്ഷിതാക്കളുടെ കാലശേഷം അനാഥരാവുന്ന ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരെ ആജീവനാന്തം സംരക്ഷിക്കാൻ പുനരധിവാസ ഗ്രാമങ്ങൾ തുടങ്ങുവാൻ നടപടി കൈക്കൊണ്ടുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly